വർഷം പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി 325 ഹെക്ടർ സ്ഥലത്ത് 32.5 ലക്ഷം രൂപ ആർ.കെ.വി.വൈ. പദ്ധതി പ്രകാരവും പ്രത്യേക നെല്ലിനങ്ങളുടെ പദ്ധതി പ്രകാരം 300 ഹെക്ടർ സ്ഥലത്തേക്ക് 30 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

3. നായരമ്പലം പഞ്ചായത്തിലുള്ള നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 239.17 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് ഇടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഓരോ പഞ്ചായത്തിലും മാതൃകാ പച്ചക്കറിത്തോട്ടം

226 (1665) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം സംസ്ഥാനത്ത് എത്ര പച്ചക്കറിത്തോട്ടം ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിച്ചിട്ടില്ല. എന്നാൽ ഒരേക്കർ കൃഷിയിടത്തിൽ വിവിധതരം കാർഷിക ഫലപുഷ്ട വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃക കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സംയോജിത മാതൃക കൃഷിത്തോട്ട പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ ജൈവകൃഷി വികസനത്തിന് സംസ്ഥാന സർക്കാർ വിവിധ സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 10-2-2010-ലെ സ.ഉ.(പി.)39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ ഓർഗാനിക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000 രൂപ നിരക്കിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധ വ്യജ്ഞനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. 2011-12 വർഷം ജൈവ കൃഷി വികസനത്തിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ അനുവദിച്ച 450 ലക്ഷം രൂപ പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. 2011-12 കാലയളവിൽ ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായ ത്തോടുകൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. ഇതിനുപുറമെ 2010-11 വർഷം ജൈവകൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് 2-ാം വർഷവും ജൈവ കൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉൽപ്പാദന കുറവുമൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് 2-ാം വർഷവും ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി. 2012-ൽ കാസർഗോഡ് ജൈവ ജില്ലയായി പ്രഖ്യാപിച്ചു. ബോധവത്കരണം, ക്ലസ്റ്ററുകൾ വഴി പച്ചക്കറി കൃഷി, ജൈവവള കമ്പോസ്റ്റ് നിർമ്മാണം, മാതൃക കൃഷിത്തോട്ട നിർമ്മാണം, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നവീകരണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. 2013-14, 2014-15 വർഷങ്ങളിലും മേൽപ്പറഞ്ഞ പരിപാടികൾക്കു പുറമെ ഇക്കോഷോപ്പ് വഴി ജൈവ ഉല്പന്ന വിപണനം, ജൈവ സർട്ടിഫിക്കേഷൻ എന്നിവയുടെ പ്രവർത്തനം പുരോഗമിക്കുന്നു.

സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.-മാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധ മേഖലാ വകുപ്പുകൾ എന്നിവരുടെ യോഗങ്ങളും ബോധവത്ക്കരണ കാമ്പയിനുകളും നടത്തി വരുന്നു. ഓരോ നിയോജക മണ്ഡലങ്ങൾക്കും അനുയോജ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നു. കൂടാതെ ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി മുൻ വർഷങ്ങളിലെ പോലെ 2014-15 സാമ്പത്തിക വർഷത്തിലും വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി, വയനാട് എന്നീ 8 ജില്ലകളിലായി നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ താഴെ പറയുന്നു :

1. സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കായി ജൈവ കൃഷി രീതികൾ പരിചയപ്പെടുത്താനും ബോധവൽക്കരിക്കാനും വേണ്ടിയുള്ള മാനവ വികസനശേഷി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

2. 3136 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി 14 ജില്ലകളിലും 627.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. 160 ഹെക്ടറിൽ സങ്കരയിനം പച്ചക്കറികളുടെ ഉല്പാദനത്തിനായി 32 ലക്ഷം രൂപ നൽകുന്നു.

4. 25 ലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുവാൻ 62.68 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 50,000 ഗുണമേൻമയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ കർഷകർക്ക് വിതരണം ചെയ്യാൻ 5 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമേ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ ധനസഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

നീര ഉല്പാദനവും വിതരണവും നടത്തുന്നതിന് ഏജൻസികൾ

227 (1666) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉല്പാദിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, ബോണഫൈഡ് ജാഗറി പ്രൊഡ്യൂസേഴ്സ്, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കേരള അബ്കാരി ചട്ടം ഭേദഗതി ചെയ്യാത്തതു കാരണം നീരയുടെ ഉൽപ്പാദനമോ വിതരണമോ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly